# KERALA STATE BLOOD TRANSFUSION COUNCIL

Red Cross Road, Thiruvananthapuram.

Phone: 0471 – 2304882, 2304704, FAX: 2305183,

E-Mail: keralasacs@gmail.com


No: 05/08/2009

# സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ നിയമങ്ങൾ കർശനമാക്കുന്നു

**തിരുവനന്തപുരം:** കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനത്തിനുള്ള നിയമവ്യവസ്ഥകൾ കർശനമാക്കുന്നു. ഇനി മുതൽ പുതുതായി ആരംഭിക്കുന്നതും ലൈസൻസ് പുതുക്കുന്നതുമായ സംസ്ഥാനത്തെ ബ്ലഡ് ബാങ്കുകൾക്ക് കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. ഇതു വരെ ബ്ലഡ് ബാങ്ക് തുടങ്ങുന്നതിന് ഡ്രഗ്സ് കൺട്രോളർ ജനറലിന്റെ അംഗീകാരം മാത്രം മതിയായിരുന്നു. ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് ഡ്രഗ്സ് കൺട്രോളർ വിഭാഗത്തിന്റെ പരിശോധന കൂടാതെ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ അടിക്കടിയുള്ള പരിശോധനയും ഉണ്ടാകും. വർഷത്തിൽ 2000 യൂണിറ്റിൽ കൂടുതൽ രക്തം ശേഖരിക്കാൻ കഴിയുന്ന രക്തബാങ്കുകൾക്ക് മാത്രമെ അംഗീകാരം നിലനിർത്താൻ സാധിക്കു.

നിലവിൽ ബ്ലഡ് ബാങ്കുകൾ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയതിനു ശേഷമാണ് അംഗീകാരത്തിനായി അധികൃതരെ സമീപിക്കുന്നത്. ഇനി മുതൽ പരിശോധന കഴിഞ്ഞ് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമായതിനു ശേഷം മാത്രമേ ഭൗതിക സൗകര്യങ്ങൾ ഒരുക്കാവൂ. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ നിർദേശപ്രകാരമാണ് നിയമവ്യവസ്ഥകൾ കർശനമാക്കുന്നത്. ബ്ലഡ് ബാങ്കുകളുടെ ഗുണനിലവാരവും സുരക്ഷിത രക്തദാനവും ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

പുതുതായി സ്വകാര്യ ആശുപത്രികളിലും ബ്ലഡ് സ്റ്റോറേജ് സെന്ററുകൾക്ക് അംഗീകാരം നൽകുവാനും തത്വത്തിൽ തീരുമാനമായി. ഇതിനുള്ള നടപടിക്രമങ്ങൾക്ക് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ഓഫീസിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലുമായി നേരിട്ടു ബന്ധപ്പെടണം. അംഗീകാരമില്ലാത്ത ബ്ലഡ് ബാങ്കുകൾ വഴി ശേഖരിക്കുന്ന രക്തത്തിൽ കൂടി സാംക്രമിക രോഗങ്ങൾ പകരാൻ സാധ്യതയുള്ളതിനാൽ ബ്ലഡ് ബാങ്ക് ലൈസൻസ് ഇല്ലാത്ത ആശുപത്രികളിൽ രക്തം ദാനം ചെയ്യുന്നത് പൊതുജനങ്ങൾ ഒഴിവാക്കണമെന്ന് കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ അഭ്യർഥിച്ചു.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

മെമ്പർ സെക്രട്ടറി
കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ